150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

കോവിഡ് 19 നിയന്ത്രണ നിർദേശങ്ങളുടെ പശ്ചാത്തലത്തിൽ പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച് നിർദ്ദേശങ്ങൾ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 2251/EA 2/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 29.05.2020

---

*പരാമർശം:*-1. പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ നിന്ന് 27.05.2020 തീയതിയിൽ സമർപ്പിച്ച ശിപാർശ .

2. വൈസ് ചാൻസലറുടെ 28.05.2020 തീയതിയിലെ ഉത്തരവ് .

**<u>ഉത്തരവ്</u>**

കോവിഡ് 19 നിയന്ത്രണ നിർദ്ദേശങ്ങളുടെ പശ്ചാത്തലത്തിൽ സർവകലാശാലാ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് പരീക്ഷാ കൺട്രോളറുടെ ഓഫിസിൽ നിന്ന് പരാമർശം (1) പ്രകാരം ശിപാർശകൾ സമർപ്പിച്ചിരുന്നു. വൈസ് ചാൻസലർ ടി ശിപാർശകൾ പരിഗണിച്ച് താഴെ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം ഉത്തരവായിരിക്കുന്നു.

1. സർവകലാശാലാ പരിധിക്ക് പുറത്ത് ഗവൺമെന്റ് അനുവദിച്ചുതരുന്ന കോളേജുകളിൽ, പരീക്ഷാ നടത്തിപ്പിന്റെ ചുമതല പൂർണമായി അതത് പരീക്ഷ കേന്ദ്രങ്ങളിലെ പ്രിൻസിപ്പൽമാർക്ക് നൽകിയിരിക്കുന്നു.

2. സർവകലാശാലയുടെ പരിധിക്കു പുറത്തുള്ള ജില്ലകളിലെ പരീക്ഷാ കേന്ദ്രങ്ങളിലേയ്ക്ക് വിദ്യാർത്ഥികളുടെ എണ്ണത്തിന് അനുസരിച്ച് ഉത്തരകടലാസുകൾ മുൻകൂറായി (മെയിൻ, അഡിഷണൽ ആൻസർ സ്ക്രിപ്റ്റുകൾ) നൽകേണ്ടതാണ്.

3. മേൽ സെന്ററുകളിലേയ്ക്ക് ചോദ്യ പേപ്പറുകൾ e-mail ആയി അയച്ചു നൽകേണ്ടതാണ്.

4 . സർവകലാശാലായുടെ പ്രവർത്തന പരിധിയ്ക്ക് പുറത്തുള്ള കേരളത്തിലെ ഒമ്പത് പരീക്ഷാ കേന്ദ്രങ്ങളിൽ ഓരോന്നിലും ഓരോ സർവ്വകലാശാലാ ജീവനക്കാരനെ വീതം പരീക്ഷാ ചുമതലകൾ നിർണ്ണയിച്ച് നൽകി നിയോഗിക്കേണ്ടതാണ്.

5. പരീക്ഷാ കൺട്രോളറുടെ ഓഫീസിലെ സെക്ഷൻ ഓഫീസറുടെ പേരിൽ 1,80,000/- രൂപ( ഒരു ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) താത്കാലിക മുൻകൂർ തുകയായി അനുവദിച്ചിരിക്കുന്നു.

Draft #2 of File 18784/CE SECTION ASSISTANT-2/2020/CE .SECT Approved by ASSISTANT REGISTRAR XI (EXAM) on 29-May-2020 11:42 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 18784/CE SECTION ASSISTANT-2/2020/CE .SECT Approved by ASSISTANT REGISTRAR XI (EXAM) on 29-May-2020 11:42 AM - Page 2

6. ഓരോ സെന്ററിലും നിയോഗിക്കപെടുന്ന ജീവനക്കാരന് 20,000/- രൂപ ( ഇരുപതിനായിരം രൂപ മാത്രം) വീതം മുൻകൂർ തുകയിൽനിന്നും മേൽ ആവശ്യത്തിലേക്ക് നൽകേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

നിമ്മി ലൂയിസ്

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)

പകർപ്പ്

1. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി. എ മാർ
3. ശ്രീ .ബിമൽ ശങ്കർ പെരിയമന (SO, CE സെക്ഷൻ)
4. CE's സെക്ഷൻ/ എ .സി .സി I/II/ EA I സെക്ഷൻ
5.സിസ്റ്റം മാനേജർ( i/c)
6. എല്ലാ ജെ.ആർ/ഡി. ആർ/എ.ആർ (പരീക്ഷ)
7. ഐ.ക്യൂ.എ.സി/കണ്ടന്റ് മാനേജ്മെന്റ് സെക്ഷനുകൾ
8. സ്റ്റോക് ഫയൽ/ഫയൽ കോപ്പി

File No: 18784/CE SECTION ASSISTANT-2/2020/CE .SECT

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം